# GLPS PILAKKATTIRI

# ACADEMIC MASTER PLAN

## 2025-26



അധ്യായം : 1

## ആമുഖം

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി കേരളത്തിലെ എല്ലാ വിദ്യാലയങ്ങളെയും അന്തർദേശീയനിലവാരത്തിലെത്തിക്കുക എന്നത് കേരള സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ഇന്നിന്റെ വെല്ലുവിളികളെ അതിജീവിച്ച് ഓരോ വിദ്യാലയങ്ങളുടെയും അക്കാദമിക നിലവാരം ഉയർത്തുന്ന കാര്യത്തിൽ ബന്ധശ്രദ്ധരാകാനും അതിനാവശ്യംവേണ്ട ഭൗതികസാഹചര്യങ്ങൾ പ്രാദേശിക സമൂഹത്തിന്റെയും സർക്കാരിന്റെയും പിൻതുണയോടെ ഒരുക്കാനും ശ്രമിച്ചുകൊണ്ടിരിക്കയാണ്. ഈ സാഹചര്യത്തിലാണ് വിദ്യാലയങ്ങൾ അടുത്ത 5 വർഷത്തെ മുന്നിൽ കണ്ട് പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ PTA, MTA, SMC മറ്റു പ്രാദേശിക വിഭവങ്ങൾ തുടങ്ങി എല്ലാവരുടെയും സഹകരണത്തോടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് മുന്നൊരുക്കമെന്ന നിലയിൽ നമ്മളും ഒരുപാട് പ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്.

"എല്ലാ കുട്ടികൾക്കും പഠിക്കാനും വികസിക്കാനും കഴിയും" എന്ന ആശയമാണ് വിദ്യാഭ്യാസ സാർവ്വത്രീകരണത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത്. ലിംഗം, മതം, ജാതി, സാമൂഹിക സാമ്പത്തിക പശ്ചാത്തലം, സംസ്ക്കാരം തുടങ്ങിയ വൈവിധ്യങ്ങൾക്കതീതമാണ് കുട്ടികളുടെ പഠനത്തിനുള്ള കഴിവ് എന്ന് വിദ്യാഭ്യാസ അവകാശ നിയമം വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പശ്ചാത്തലത്തിൽ കുട്ടികളുടെ കഴിവുകൾ വികസിക്കാനാവശ്യമായ അവസര സമത്വവും സാമൂഹിക നീതിയും ഉറപ്പാക്കുന്ന പഠനപരിസരം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. എങ്കിലേ എല്ലാവരും ഉൾപ്പെടുന്നതും കഴിവുകൾ അംഗീകരിക്കപ്പെടുന്നതും ആ കഴിവുകളെ ഏറ്റവും ഉയർന്നതലത്തിലേക്ക് വികസിപ്പിക്കുന്നതുമായ ഒരു വിദ്യാഭ്യാസ ക്രമം വളർത്തിയെടുക്കാൻ കഴിയും.

വിദ്യാലയത്തിന്റെ പ്രധാനചാലകശക്തിയാകേണ്ടത് പൊതുസമൂഹമാണ്. അതുകൊണ്ട് SMC, PTA പൂർവ്വവിദ്യാർത്ഥി സംഘടന, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രദേശവാസികൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, പ്രവാസികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തം വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ നിർണ്ണായകമായിത്തീരുന്നു. വിദ്യാലയ ആസൂത്രണ നടത്തിപ്പ്, വിഭവ പിന്തുണ മോണിറ്ററിങ്ങ് തുടങ്ങിയവയ്ക്ക് SMC യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

കുട്ടിയുടെ സമഗ്ര വികാസമാണ് ഗുണമേന്മാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സമഗ്രവികാസമെന്നാൽ വൈജ്ഞാനിക വൈകാരിക സാമൂഹിക മേഖലകളിലെ വികാസമാണ്. ഇതുമുന്നിൽ കണ്ടുകൊണ്ട് നമ്മുടെ വിദ്യാലയം കുട്ടിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് 5 വർഷത്തേക്കുള്ള പദ്ധതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

# അധ്യായം : 2

## ചരിത്രം

വ്യക്തികളുടെ ചരിത്രം കൂടി ചേരുമ്പോൾ അത് സമൂഹത്തിന്റെ ചരിത്രമാകുന്നു. 82 വയസ്സ് കടന്ന് വാർദ്ധക്യത്തോട് സല്ലപിക്കുന്ന നമ്മുടെ നാട്ടിലെ ചിലരുമായി സംവദിച്ചതിൽ (2004 - 05) നിന്നുമാണ് സ്കൂളിന്റെ പിറവിയെക്കുറിച്ച് അറിയാനായത്. (അക്കാലത്തെ മിഴി മാസിക തയ്യാറാക്കിയതിൽ നിന്ന്) എല്ലാവരും തന്റെ ഓർമ്മയുടെ ചെപ്പിൽ സൂക്ഷിച്ചുവെച്ച അവരുടെ കുട്ടിക്കാലം ഞങ്ങളുടെ രേഖപ്പെടുത്തലിന് ആഹ്ലാദത്തോടെ തുറന്നുതന്നു. പഴകിദ്രവിച്ച ഏതാനും രേഖകളും ഇത്തരുണത്തിൽപൊടിത്തട്ടി മിഴിതുറന്നു. നാളെ സമൂഹം നമ്മെകുറ്റപ്പെടുത്താതിരിക്കാൻ ഈ ചരിത്രം ഒരിക്കൽകൂടി രേഖപ്പെടുത്തേണ്ടതാണെന്ന തിരിച്ചറിവാണ്. എല്ലാം അക്കമിട്ട് ഗണിക്കാൻ കഴിയാതെ തന്നെ ഇങ്ങനെതന്നെ കുറിച്ചുവെയ്ക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത് ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളായിരുന്ന മൺമറഞ്ഞ വടക്കേപ്പാട്ട് ലക്ഷ്മിയമ്മ, വടക്കേപ്പാട്ട് ശങ്കരൻനായർ, കൊടലിൽ നൊട്ടി, തോപ്പിൽ നാരായണി അപ്പശ്ശിയമ്മ എന്നിവരും 92 വയസ്സായ മൂത്തേടത്തു കൃഷ്ണൻ നമ്പൂതിരിയുമാണ് അന്ന് ഈ പ്രവർത്തനത്തിന് ഞങ്ങൾക്ക് വിവരങ്ങൾ നൽകിയതെന്ന് ആദരപൂർവ്വം ഓർക്കുന്നു.

അന്ന് ഈ നാട്ടിലെ പ്രമുഖ നായർ തറവാട്ടുകാരായിരുന്നു കളത്തിൽ വീട്ടുകാർ·അവിടത്തെ വേലുനായർ 4-ാംതരം പാസ്സായി പെരിങ്ങോട് സ്കൂളിലെ രണ്ടാംതരം അദ്ധ്യാപകനായി. അവിടത്തെ രണ്ടാംതരം വിദ്യാർത്ഥികളായിരുന്ന വടക്കേപ്പാട്ട് ലക്ഷ്മിയമ്മ പല്ലീരി നാരായണി, കളത്തിൽ കുഞ്ഞുകുട്ടിയമ്മ 1926 - കാലമാണ് കാരണമെന്നറിയില്ല വേലുമാസ്റ്റർ പെരിങ്ങോട് സ്കൂൾ വിട്ടുപോന്ന് സ്വന്തമായി പിലാക്കാട്ടിരിയിൽ ഒരു വിദ്യാലയം ആരംഭിച്ചു. കൂടെ പിലാക്കാട്ടിരിക്കാരായ മേൽപ്പറഞ്ഞ മൂന്ന് വിദ്യാർത്ഥികളെയും കൂട്ടി. അങ്ങനെ 1926 സെപ്തംബർ 10നു ആണ് നമ്മുടെ ഈ വിദ്യാലയം ആരംഭിക്കുന്നത്. നലൂര് വളപ്പിൽക്കാരുടെ പടിപ്പുരയിലായിരുന്നു കുട്ടികളെ ഇരുത്തി പഠനം തുടങ്ങിയത്. ആയിടെ വേലുമാസ്റ്ററുടെ ജ്യേഷ്ഠനായ രാമൻനായർ സ്വന്തം പഠിപ്പുരവലുതാക്കി വിദ്യാലയം അങ്ങോട്ട് മാറ്റി. (ഇന്നത്തെ പാലാട്ട് തറവാട്) അന്ന് കുട്ടികളെ ചേർക്കാനും വിടുതൽ രേഖ നൽകാനുമുള്ള അധികാരം മേനേജർക്കായിരിക്കണം എന്നുവേണം അനുമാനിക്കാൻ. രേഖകളിൽ രാമൻനായരാണ് കുട്ടികളെ ചേർത്തികാണുന്നത്. രേഖകളിൽ കള്ളിക്കാട്ടിൽ രാമൻനായരാണ് ആദ്യവിദ്യാർത്ഥി. കുട്ടികളുടെ എണ്ണ കൂടു

## അധ്യായം : 3

# . വിദ്യാലയം മികവിന്റെ കേന്ദ്രം.

1. കേരളത്തിന്റെ സാംസ്കാരികവും, സാമൂഹികവും സർഗാത്മകവുമായ പാമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്ക് ഉതകുംവിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുംവിധം വിദ്യാലയ പ്രവർത്തനങ്ങൾ മികവുറ്റതാകും.

2. നമ്മുടെ നാടിന്റെ നൈർമർല്യം നിലനിർത്തി ആധുനിക സാങ്കേതികവിധ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കും.

3. പഠനവും ബോധനവും ആഹ്ലാദകരമാക്കി മാറ്റും കഴിഞ്ഞവർഷത്തെ ജലനാടക വണ്ടിയുടെ പ്രവർത്തനമാതൃകയിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കും.

4. സമ്പൂർണ്ണ ശുചിത്വം പ്ലാസ്റ്റിക് കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കും.

5. പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊണ്ട് ജൈവപാർക്കിനെ പാഠപുസ്തകമാക്കി മാറ്റും. നക്ഷത്രവനം നടപ്പാക്കും, ചെടികളെ തിരിച്ചറിയാനും അവയുടെ ഗുണങ്ങൾ തിരിച്ചറിയാനും കുട്ടികൾക്ക് കഴിയണം. സസ്യങ്ങളെ മാത്രമല്ല അതുമായി ബന്ധപ്പെട്ട ജന്തുക്കളെക്കുറിച്ച് അറിയാനും കഴിവുള്ളവരാക്കും.

6. ക്യാമ്പസ് ഹരിതാപമാക്കും, ജൈവ പച്ചക്കറി ഉല്പാദനം, തേക്കിൻകാടിനെ വായനാ മൂലകളാക്കി മാറ്റുക പഠനത്തോടൊപ്പം ഉല്ലാസകളികൾക്കുള്ള സൗകര്യവും വിദ്യാലയത്തിൽ ഒരുക്കം.

7. വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനപങ്കാളിത്തം ഉറപ്പാക്കും. ത്രിതല ഗവൺമെന്റിന്റെയും പഞ്ചായത്തിന്റെയും ഫണ്ടുകൾ പ്രയോജനപ്പെടുത്തി വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മികവുറ്റതാക്കും.
   - കളിസ്ഥലം
   - ഓഡിറ്റോറിയം
   - ജൈവപാർക്കിന്റെ വിപുലീകരണം
   - ബാല (Building as a learning aid)

8. പ്രാദേശിക വിഭവഭൂപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കും.

9. കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പൂർണമായി നടപ്പാക്കുന്ന വിദ്യാലയമായി മാറ്റും.

തലാകാം പിന്നീട് വിദ്യാലയം 2012 പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേക്കു മാറ്റുകയാണ് ഉണ്ടായത്. സാമ്പത്തിക പ്രയാസമായിരിക്കാം വേലുമാസ്റ്ററെ സ്കൂൾ വിൽക്കുന്നതിന് പ്രേരിപ്പിച്ചത്. ഇപ്പോൾ ആ സ്ഥലം പല്ലീരി തുളസി ഭായിയുടേതാണ്. അവരിൽ നിന്നാണ് ഇന്ന് ഈ വിദ്യാലയം സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങിയതും SSA ഫണ്ട് പഞ്ചായത്ത്, ബ്ലോക്ക് ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിടം പണിതതും.

ഇന്ന് ഓഫീസ് റൂം അടക്കം 8 ക്ലാസ് 6 m x 6 m വലിപ്പത്തിലുള്ള മുറികളും ഒരു അടുക്കളയും ഉണ്ട്. ടോയ്‌ലറ്റുകൾ 5 എണ്ണം ഉണ്ടെങ്കിലും ചെറിയ ചെറിയ തകരാറുകൾ കാരണം എല്ലാം ഉപയോഗിക്കാനാവുന്നില്ല. 2024-25 സാമ്പത്തിക വർഷത്തെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽനിന്ന 4 എണ്ണം ടോയ്‌ലറ്റുകൾ ലഭിച്ചു.

സ്വന്തം കെട്ടിടത്തിനായി ഏറെക്കാലമായി നാട്ടുകാരും PTA കമ്മറ്റിയും മുറവിളി കൂട്ടിയെങ്കിലും 2010 ലാണ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അന്നത്തെ പഞ്ചായത്ത് ഭരണസമിതിയും സ്കൂൾ PTA കമ്മറ്റിയും നടത്തിയ കഠിന പ്രയത്നത്തിന്റെ ഫലമാണ് ഇന്ന് നാം അനുഭവിക്കുന്ന സൗഭാഗ്യത്തിന് നിദാനമെന്ന് മറന്നുകൂടാ...

പൂർവ്വവിദ്യാർത്ഥികളിൽ നമ്മുടെ സ്മൃതി പഥത്തിലേക്ക് കയറി വരുന്നവർ നിരവധിയാണ്. എണ്ണമിട്ട് നിരത്തുവാൻ ഉദ്ദേശിക്കുന്നില്ല. സ്വന്തം കയ്യൊപ്പ് ചാർത്തിപ്പിരിഞ്ഞവർക്കു മുമ്പിൽ പ്രണമിക്കുന്നു. രാജ്യത്തിന്റെ യോദ്ധാവായിരിക്കെ ഇന്ത്യാ-പാക് യുദ്ധത്തിൽ മൺമറഞ്ഞ ധീരരക്തസാക്ഷി കൂറ്റുപറമ്പിൽ ഭാസ്കരൻ റിട്ട.മേജർ ഗോപാലകൃഷ്ണൻ മുതൽ AIM ലെ മെഡിസിൻ വിദ്യാർത്ഥിയായ വിമൽ വരെ ഏറെ പേരുണ്ട് നമ്മുടെ അഭിമാനതാരങ്ങൾ. ഇന്നും നമുക്ക് മാർഗദീപങ്ങളായി നിലകൊള്ളുന്ന വിദ്യാഭ്യാസപ്രവർത്തകർ, ജനപ്രതിനിധികൾ, കലാസാംസ്കാരിക പ്രവർത്തകർ, നാട്ടറിവു തുടങ്ങി വിദഗ്ദ്ധർ സാമൂഹ്യമേഖലയിൽ ഉള്ള നിരവധി പേർ ഈ കലാലയത്തിന്റെ യശസ്സുയർത്തിപ്പിടിക്കുന്നു.

ചരിത്രം രേഖപ്പെടുത്താൻ അവലംബിച്ചത് 2004-2005 കാലഘട്ടത്തിലെ സ്കൂൾ മസികയാണ്. അന്നത് ചെയ്തില്ലായിരുന്നെങ്കിൽ ഇന്നത് അസാധ്യമാകും എന്നതിന് തർക്കമില്ല.

## അദ്ധ്യായം – 4

## പദ്ധതിരൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും കുട്ടികളുടെ നൈപുണികളും ശേഷികളും വികസിപ്പിക്കുന്നതിനും അതിലൂടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവക്കുന്ന ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ട് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിക്കാൻ ശ്രമിച്ചിട്ടുണ്ട്.

അതിന്റെ ഭാഗമായി 26–05–2022 (2025) ന് പ്രത്യേകം SRG യോഗം കൂടി ഒരു പൊതുധാരണയുണ്ടാക്കി SRGയിൽ ചർച്ചയിലൂടെ ഉണ്ടായ തീരുമാനങ്ങൾ PTAയിൽ അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി.

## അദ്ധ്യായം – 5

## നിലവിലെ അവസ്ഥാവിശകലനം

2022–23 വർഷത്തിൽ പ്രീ പ്രൈമറി കുട്ടികളുടെ എണ്ണം : 30 23

STD I : 15 20

STD II : 12 18

STD III : 21 415

STD IV : 18 1514

നിലവിലുള്ള അദ്ധ്യാപകർ : 6 6

PTCM : (Past Vacand) 1

## അധ്യായം : 6

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

* ഇന്നാട്ടിലെ ഏക സർക്കാർ സ്ഥാപനമായ ഈ വിദ്യാലയത്തെ ഇന്നാട്ടുകാർ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കുകയാണ്. അതിന്റെ തെളിവാണ് 2012ൽ സ്വന്തമായി കെട്ടിടം നിർമ്മിച്ച് ഇക്കാണുന്ന സൗഭാഗ്യങ്ങൾ കൈവരിച്ചത്. ഇങ്ങനെയാണെങ്കിലും ഇനിയും മുന്നേറാൻ ഏറെയുണ്ട്. 2km ദൂരത്തിൽ പ്രവർത്തിക്കുന്ന -2 മുതൽ +2വരെ സർക്കാർ, Aided വിദ്യാലയങ്ങളിലേക്ക് മുതിർന്നവരോടൊപ്പം കുട്ടികളെ അയക്കാമെന്ന് പലരും ചിന്തിക്കുകയും ചെയ്യുന്നു. സ്വന്തമായി വാഹനങ്ങളിൽ ഈ വിദ്യാലയങ്ങളിലേക്ക് കുട്ടികളെ കൊണ്ടുപോകുമ്പോഴാണ്, സ്വന്തം വാഹനമോടിക്കാൻ നമുക്കാവുന്നില്ല എന്ന് നാം തിരിച്ചറിയേണ്ടത്.

* പ്രീ-പ്രൈമറി തലത്തിൽ LKG, UKG തിരിച്ച് പഠനം നടത്താൻ ഇന്ന് അധ്യാപികയില്ലെന്നുള്ളത് ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ പോരായ്മയായി കാണുന്നു.

* അമിതമായ ഇംഗ്ലീഷ് ബോധനസംസ്കാരം ജനങ്ങളെ കീഴ്പ്പെടുത്തുന്ന ഈ കാലത്ത് അവരെ ശരിയായി ബോധവൽക്കരണത്തിൽനാം പരാജയപ്പെട്ടിരിക്കുന്നു.

* നിലവിൽ വിദ്യാലയകെട്ടിടം ഉണ്ടെങ്കിലും ആകർഷണമല്ല. Back നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

* നിലവിൽ വിവിധകമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ശക്തമായ സാമൂഹ്യപിന്തുണ ആർജിക്കാൻ ആയിട്ടില്ല.

* ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനത്തിന് വേണ്ടത്ര സൗകര്യമില്ല.

* ശാസ്ത്രലാബ്, ഗണിതലാബ്, ലൈബ്രറി തുടങ്ങിയവ പ്രത്യേകം പ്രത്യേകം മുറികളോ ഉപകരണങ്ങളോ ഇല്ല.

* നിലവിൽ വിദ്യാലയത്തിൽ Electrification നടന്നിട്ടുണ്ടെങ്കിലും Pre-Primary അടുക്കള അടക്കം ക്ലാസുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

* ജൈവവൈവിധ്യപാർക്ക് വിദ്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും സംരക്ഷണവും, തുടർ പ്രവർത്തനവും സാധ്യമായിട്ടില്ല.

• ഇന്റർനെറ്റ് ഫെസിലിറ്റി ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

* ജൈവ വൈവിധ്യപാർക്കിന്റെ തുടർച്ചയെന്നോണം നക്ഷത്രവനം പരിപാടിയും, വിദ്യാലയത്തിലെ മരങ്ങൾക്കുചുറ്റും ഇരിപ്പിടമൊരുക്കി ആകർഷകമാക്കാനും കഴിഞ്ഞിട്ടില്ല.

• സ്റ്റാർസ് വർണ്ണക്കൂടാരം SSK 10 ലക്ഷം ലഭിച്ചു ഉടൻ സജ്ജീകരിച്ചു. കുട്ടികൾക്ക് സ്വതന്ത്രമായി ചാലകവികാസം സാധ്യമാക്കി.

3. **ബോധവൽക്കരണക്ലാസ്സ്:-** കുട്ടിയുടെ നിലവാരവും കുട്ടി ആർജിക്കേണ്ട ശേഷികളും ഉൾപ്പെടുത്തികൊണ്ട് രക്ഷാകർത്തൃ ശാക്തീകരണ ക്ലാസ് നടത്തുന്നു

4. **ശില്പശാലകൾ:-** വായനകാർഡ് നിർമാണവുമായി ബന്ധപ്പെട്ട് രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തികൊണ്ടുള്ള കളർ ചിത്രസഹിത വായനകാർഡുകൾ നിർമ്മിക്കും.

5. **വായനക്കൂട്ടം, എഴുത്തുകൂട്ടം, പാട്ടുക്കൂട്ടം:-** പ്രാദേശിക കലാസാഹിത്യകാരൻമാരുടെ സഹായത്തോടെ കളരികൾ നടത്തും. വർഷാദ്യം മുതൽ അവസാനം വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാക്കി മാറ്റും.

6. **വരകളിലൂടെ:-** ചിത്രകാരന്മാരുടെ സഹായത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കും. ചിത്ര പ്രദർശനം നടത്തും.

7. **ക്ലാസ് ലൈബ്രറി:-** ഓരോ ക്ലാസിലേയും കുട്ടികൾക്ക് സ്വതന്ത്ര്യ വായനക്ക് ഉതകുന്ന പുസ്തകങ്ങൾ കണ്ടെത്തി നൽകും. വായന കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കും. കഥ, കവിത, നാടകം എന്നിങ്ങനെ പുസ്തകങ്ങൾ തരംതിരിച്ചു വെയ്ക്കുന്നു. വായനയിലേക്കു നയിക്കാൻ പുസ്തക പരിചയം, ചിത്രകാർഡുകൾ നൽകൽ.

8. **മാതൃക ക്ലാസ്സുകൾ:-** വർണ്ണന, ആസ്വാദനകുറിപ്പ്, അഭിനയം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കും.

9. I C T -പാഠഭാഗവുമായി I C T സാധ്യതകൾ കണ്ടെത്തുകയും പ്രയോജനപ്പെടുത്തുകയും ചെയ്യും. എല്ലാ അധ്യാപകർക്കും I C T പരിശീലനം ഉറപ്പാക്കും.

10. **കഥവരമ്പിലൂടെ:-** വരികൾക്കിടയിലൂടെ വായിക്കാനും ആസ്വാദനതല ഉയർത്താനുമാണ് ഇത് ലക്ഷ്യമിടുന്നത്. കഥകൾ കേൾക്കാൻ അവസരം നൽകുന്നു. തുടർന്ന് കുട്ടികളെ കഥാ അവതരണത്തിന്റെ വിവിധ തന്ത്രങ്ങളിലൂടെ ആസ്വാദനതലത്തിലെത്തിക്കുന്നു. ഇതിനുവേണ്ടി കഥയെ ഘട്ടങ്ങളാക്കി തിരിക്കുന്നു.

    1) അഭിനയം. 2) ചിത്രം വര. 3) ഡബ്ബിങ്ങ്.4) കഥാപൂരണം.

    5) ചിത്ര കഥ. 6) കഥക്കു മുമ്പ്. 7) കഥ പറയൽ,

# അധ്യായം : 7

## വിഷയമേഖല : മലയാളം

### ആമുഖം

പൊതു വിദ്യാലയങ്ങൾ ഉണർന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പ്, ജനപ്രതിനിധികൾ, ത്രിതല പഞ്ചായത്തുകൾ, പൊതുജനങ്ങൾ, PTA, SMC, MTA പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ അടുത്ത അഞ്ചു വർഷത്തേക്കുള്ള മാസ്റ്റർ പ്ലാൻ രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. വിഷയാധിഷ്ഠിതമായി അക്കാദമിക പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ഭാഷാവികസനത്തിന്റെ രൂപരേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

### ഭാഷാപഠന പ്രശ്നങ്ങൾ:

**അക്കാദമികം:**

1. ഒന്നു മുതൽ നാലുവരെയുള്ള കുട്ടികൾ എല്ലാ ശേഷികളിലും പ്രതീക്ഷിത നിലവാരത്തിലെത്തുന്നില്ല.
2. ICT ഫലപ്രദമായി ഉപയോഗിക്കാനാവുന്നില്ല
3. ട്രൈഔട്ട്, ആക്ഷൻ റിസർച്ച് പ്രയോജനപ്പെടുന്നില്ല. (ഒന്നാം തരത്തിലെ മഴവില്ല് പോലെ)
4. സർഗാത്മക പ്രവർത്തനം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
5. പ്രവർത്തനങ്ങൾക്ക് സഹായകമായ സ്ഥലസൗകര്യം ഇല്ല.
6. ആധുനിക സൗകര്യ ലൈബ്രറി, ലാഗ്വേജ് ലാബ്, സ്വതന്ത്ര വായനക്കുള്ള ഇരിപ്പിടം എന്നിവ ഇല്ല
7. പ്രാദേശിക വിഭവങ്ങളെ വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

**പ്രശ്ന വിശകലന പ്രവർത്തനങ്ങൾ:**

1. **പ്രീ - ടെസ്റ്റ് : -** കുട്ടികളുടെ നിലവാരം തിരിച്ചറിയുന്നതിന് ജൂൺ മാസത്തിൽ തന്നെ പ്രവർത്തനങ്ങൾ നൽകുന്നു. C.P.T.A വിളിച്ചു ചേർത്ത് അവസ്ഥാ വിശകലനം നടത്തുന്നു. ബ്രിഡ്ജ് കോഴ്സ് സംഘടിപ്പിക്കും.

2. **അടിസ്ഥാന ശേഷി വികസന പരിപാടികൾ:-** മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയവ സംഘടിപ്പിക്കും. ജൂൺ മസം മുതൽ എല്ലാ ക്ലാസ്സിലും ചിഹ്നങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകും. ലോക്കൽ ടെക്സ്റ്റ്, വായന കാർഡുകൾ എന്നിവ പ്രയോജനപ്പെടുത്തും.

ആസൂത്രണം ചെയ്യും. ഗണിതാശയങ്ങൾ നിത്യജീവിതവുമായി കഴിവതും ബന്ധപ്പെടുത്തും. അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നതിന് ELPS ഘട്ടങ്ങളിലൂടെ അവസരം നൽകും. യുക്തിചിന്ത വിതസിപ്പിക്കുന്നതിന് യോജിച്ച പാഠാസൂത്രണം നടത്തും. രൂപപ്പെട്ട ആശയത്തെ തനതായ ഭാഷയിൽ വിശദീകരിക്കാനും അപഗ്രഥിക്കാനും കഴിയാതെ വരുന്നു. ഗണിതാശയങ്ങൾ വിശദീകരിക്കാനും ചിത്രീകരിക്കാനും കഴിയുന്നില്ല.

## പരിഹാര പ്രവർത്തനം വിശദാംശങ്ങൾ

ഗണിതപഠനം ആസ്വാദ്യവും ശാസ്ത്രീയവുമാക്കുന്നതിലൂടെ എല്ലാ കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തവും പഠനനേട്ടവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ എല്ലാ കുട്ടികൾക്കും നേടാൻ കഴിയണം. ഇതിനുള്ള പ്രവർത്തനങ്ങളാണ് രൂപകല്പനചെയ്തിട്ടുള്ളത്.

1. **പ്രീ-ടെസ്റ്റ്:**

ക്ലാസിലെ കുട്ടികളുടെ പഠനനിലവാരം തിരിച്ചറിയുന്നതിന് ജൂൺ മാസത്തിൽ തന്നെ ചില പഠന പ്രവർത്തനങ്ങൾ നൽകി ക്ലാസ് തലത്തിലാണ് പ്രീ-ടെസ്റ്റ് നടത്തുന്നത്. വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി കുട്ടികളുടെ യഥാർത്ഥ പഠനപ്രശ്നങ്ങൾ കണ്ടെത്തുകയും അവയെ അപഗ്രഥിച്ച് കാരണങ്ങൾ നിർണ്ണയിക്കുകയും വേണം. എസ്, ആർ.ജി, ക്ലാസ് പി.ടി.എ എന്നിവിടങ്ങളിൽ അവതരിപ്പിച്ച് ബോധ്യപ്പെടുത്തണം. പ്രശ്നങ്ങൾ സൂക്ഷ്മമായി കണ്ടെത്തുകയും അതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിച്ച് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും വേണം.

2. **മുന്നേറ്റം:**

പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പരിപാടി. ഓരോ യൂണിറ്റും ആരംഭിക്കുന്നതിന് മുമ്പ് നിശ്ചിത യൂണിറ്റിലെ ആശയങ്ങൾ എല്ലാ കുട്ടികൾക്കും ആർജ്ജിക്കുന്നതിനുള്ള അടിസ്ഥാന ധാരണ ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി പരിഹാരബോധന പ്രവർത്തനങ്ങൾ, വർക്ക് ഷീറ്റ് എന്നിവ ഉറപ്പാക്കും.

3. **പാഠാസൂത്രണം:**

എല്ലാ കുട്ടികളുടെയും പഠനപങ്കാളിത്തവും പഠനനേട്ടവും ഉറപ്പാക്കുന്നതിനായി പ്രക്രിയബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠാസൂത്രണം തയ്യാറാക്കേണ്ടതുണ്ട്.

# ഗണിതം

## ആമുഖം

വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്രപഠനത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളേയും ഗണിത പഠനത്തിന് താല്പര്യമുള്ളവരാക്കാൻ നമുക്ക് എന്ത് ചെയ്യാനാവും? കുട്ടികൾക്ക് പേടി മാറി ആസ്വദിക്കുന്ന അവസ്ഥ വരണം. കുട്ടികളുടെ ഗണിതവൽക്കരണ ശേഷികൾ വികസിപ്പിക്കണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാവണം. ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസം ഓരോ കുട്ടിക്കുമുണ്ടാവണം. അറിവ് നിർമ്മാണത്തിലധിഷ്ഠിതമായ പ്രക്രിയാബന്ധിത പഠനം ഈ ലക്ഷ്യത്തിലേക്ക് നമ്മെ നയിക്കും.

## ഗണിതപഠന പ്രശ്നങ്ങൾ

**അക്കാദമികം:**

* ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
* പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.
* കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.
* ഐ.സി.ടി അധിഷ്ഠിതമായും പ്രക്രിയാബന്ധിതമായും പാഠാസൂത്രണം നടത്തുന്നതിന് പരിമിതിയുണ്ട്.
* കുട്ടികളുടെ യുക്തിചിന്ത വികസിക്കുന്നില്ല.
* പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്.
* പാഠ്യപദ്ധതിയിലെ വിട്ട്പോകലുകൾ.

**ഭൗതികം:**

* ക്ലാസ്മുറികൾ ഐ.സി.ടി അധിഷ്ഠിതപഠനത്തിന് അനുയോജ്യമല്ല.
* ഗണിത ലാബിന്റെ അഭാവം. ഇന്റർനെറ്റ് സൗകര്യം എല്ലാ ക്ലാസ്സുകളിലും ലഭ്യമല്ല.

**സാമൂഹികം:**

* സമൂഹത്തിലെ ഗണിതവൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

**പ്രശ്നവിശകലനം:**

* ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സുവരെ കുട്ടികൾ നേടേണ്ട അടിസ്ഥാനശേഷികൾ പട്ടികപ്പെടുത്തി പ്രവർത്തനങ്ങൾ

4. **മൊഡ്യൂൾ തയ്യാറാക്കൽ:**

പാഠ്യപദ്ധതിയിലെ വിട്ട്പോകലുകൾ കൂട്ടിച്ചേർക്കുന്നതിന് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കുന്നു. സമീപ സ്കൂളുകളിലെ താല്പര്യമുള്ള ഗണിതാധ്യാപകരും സ്കൂളിലെ വിഷയാധ്യാപകരും പങ്കെടുക്കുന്ന ശില്പശാല സംഘടിപ്പിക്കുന്നു. ഇതിന് നേതൃത്വം നൽകാൻ ഡയറ്റ്, ബി.ആർ.സി അംഗങ്ങൾ എന്നിവരുടെ സേവനം ഉറപ്പാക്കുന്നു.

5. **പഠനോപകരണ ശില്പശാല:**

വിവിധ തലത്തിലുള്ള കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്ന വൈവിധ്യമാർന്ന പഠനോപകരണങ്ങൾ കണ്ടെത്തണം. സാമഗ്രികൾ പട്ടികപ്പെടുത്തുന്നു. വിദഗ്ധരുടേയും അധ്യാപകരുടേയും പങ്കാളിത്തത്തോടെ നടത്തുക.

6. **ഗണിത ലൈബ്രറി:**

ഗണിത പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുക. പുസ്തക ശേഖരണം, വിതരണം, വായന ചർച്ച, കുറിപ്പ് തയ്യാറാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെ നടത്തും.

7. **സി.പി.ടി.എ:**

എല്ലാ മാസവും കൃത്യമായി വിളിച്ചു ചേർക്കും, കുട്ടികളുടെ പുരോഗതി പങ്കുവെയ്ക്കണം.

8. **ഐ.സി.ടി. പരിശീലനം:**

ഓരോ യൂണിറ്റിലും ഉള്ള ഐ.സി.ടി സാധ്യതകൾ കണ്ടെത്താനും അവയുടെ ഉപയോഗം ഉറപ്പാക്കാനും വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. നിശ്ചിത പരിശീലനത്തിൽ മുഴുവൻ അധ്യാപകർക്കും അവസരമൊരുക്കും.

9. **ഗണിത ക്ലബ്ബ്:**

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെയ്യും. ഗണിതശാസ്ത്രമേള, ഗണിതക്വിസ് എന്നിവയ്ക്ക് കുട്ടികളെ കണ്ടെത്താൻ ക്ലബ്ബിലൂടെ കഴിയണം. ഇതിനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ക്ലബ്ബ് ആസൂത്രണം ചെയ്യുന്നത്.

10. **മെട്രിക് മേള:**

ഗണിതാശയങ്ങൾ, കുട്ടികളുടെ ഗണിത ഉല്പന്നങ്ങൾ അധ്യാപകർ തയ്യാറാക്കിയ പഠനോപകരണങ്ങൾ എന്നിവയുടെ പ്രദർശനവും ഗണിതകേളികൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളുടെ ആഘോഷവും നടത്തും.

# ENGLISH

## PREFACE

The most important feature of English learning is the development of the interactive ability among the children. To develop this ability school and homely atmosphere should be changed. The inadequate circumstances in the village atmosphere makes difficulty to interact. So we interact small ideas like commands, instructions etc.. for better improvement. So care should be taken to ensure that learners achieve the learning outcomes prescribed in the curriculum. Before they proced to the next level a platform should be developed to make the teaching learning process of the English effective.

## English Learning Issues

**Academic:**

* Learners havent acquired the required curriculum objectives.
* Lack of confidence in English Speaking decreasing the usage of English.
* Lack of real life situations in promoting English as a language for communication.
* Lack of resources in promoting extended reading.

**Infrastructure:**

* Lack of English language lab

**Social:**

* Lack of Social participation in English language participation.

**Remedial Programmes in Detail:**

1. **Pre - test:-** A pre test and post test is used to quantity the knowledge attained in the class from a group of students with diverse learning styles and educational backgrounds. A post test should be administered directly at the completion of the bridge course.
2. **ICT based planning lessons:-** ICT based teaching learning process in the class room. To ensure that we have to identify learning activities and prepare microlevel process based teaching manual.

3. **Note Book as a Document:-** Towards the end of each unit, the note book should be transformed into a document for assessing whether the learner has attained the required learning outcomes prescribed in the unit.
4. **English Assembly:-** To improve the confidence level, every class present individual and group items in assembly. Conduct English assembly once in a week. News Reading in assembly also promote the confidence.
5. **Games:-** For promoting English as a language for communication games also used. Learners and teachers interact only in English between the games. The instructions must be given in English.
6. **Writing work shops:-** Work Shops should be conducted an exhibition of writing works in English of different periods.
7. **English Fest:-** English fest should be conducted once ina year. So that the learner gets more chances for their performance.
8. **Class Library:-** Story books based on colourful pictures and writings in Malayalam and English enable the children to develop their ideas and vocabulary themselves.
9. **Theatre camp:-** Theatre games increases the self confidence and responsibility amoung the children. Subject teachers gathering together to make a special module through a workshop. And we request help from BRC, Diet and other sources.

# പരിസരപഠനം

## ആമുഖം

ശാസ്ത്രം ചലനാത്മകമാണ്. ദാരിദ്ര്യത്തിന്റെയും അന്ധവിശ്വാസത്തിന്റെയും തെറ്റിദ്ധാരണകളുടെയും ദൂഷകവലയത്തിൽനിന്ന് പുറത്ത് കടക്കാൻ ശാസ്ത്രം ജനങ്ങളെ സഹായിക്കുന്നു. ഹരിതാഭമായ കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിച്ചു ജീവിക്കുന്നതിനൊപ്പം തന്റെ ചുറ്റുപാടുമുള്ള സസ്യ ലോകത്തിലെ ജന്തുവൈവിധ്യങ്ങളെ മനസ്സിലാക്കാനും, കൗതുകരമായ ആകാശക്കാഴ്ചകളെകുറിച്ചും, മനുഷ്യന്റെ ഏതെല്ലാം തരത്തിലുള്ള ഇടപെടലുകൾ പരിസ്ഥിതിക്ക് നാശമുണ്ടാക്കുമെന്നുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുന്നു. ശാസ്ത്രീയ വിജ്ഞാനം ഉല്പാദിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നതിലേക്ക് കുട്ടിയെ നയിക്കുന്ന രീതിയിലായിരിക്കണം പഠന പ്രക്രിയ നടക്കേണ്ടത്.

### ശാസ്ത്രപഠനം - പ്രശ്നങ്ങൾ:

* എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
* കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിലേർപ്പെടാനും നിഗമനങ്ങൾ രൂപീകരിക്കാനും കഴിയുന്നില്ല.
* ശാസ്ത്ര മനോഭാവം എല്ലാ കുട്ടികളിലും വികസിക്കുന്നില്ല.
* ICT ഓരോ ക്ലാസിലും പ്രാവർത്തികമാക്കാൻ കഴിയുന്നില്ല.
* പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾകൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
* ശാസ്ത്ര പഠനത്തിന് അനുയോജ്യമായ ക്ലാസ്മുറികളുടെ അഭാവം.
* ലാബ് സൗകര്യങ്ങളില്ല.
* ശാസ്ത്രീയ ഉപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
* കുട്ടികൾ ശാരീരികവും മാനസികവുമായി നേരിടുന്ന പ്രശ്നങ്ങൾ.

### ശാസ്ത്ര പഠനം - പ്രശ്ന വിശകലനം:

കുട്ടികൾ പാഠ്യപദ്ധതി നിർദ്ധേശിച്ച ആശയങ്ങളും ശേഷികളും നേടാത്തതിനു കാരണം അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണ കുറവാണ്.

* പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി
* മാനസിക ശാരീരിക പ്രശ്നങ്ങൾ

* ആശയങ്ങൾ പ്രായോഗികമായി ബോധ്യപ്പെടാൻ അവസരങ്ങളില്ല.
* സ്വയം പഠനത്തിന് അവസരം കുറവ്.
* പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ ക്ലാസ്സിലിരിക്കുന്നു.

**അധ്യാപകർ:**

* വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ.
* ഓരോ കുട്ടിയെയും ശ്രദ്ധിക്കാനുള്ള സമയക്കുറവ്.
* ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
* മൂല്യനിർണ്ണയ രീതി.

**രക്ഷിതാക്കൾ:**

* കുട്ടിയുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗ നിർദ്ദേശം നൽകാനോ കഴിയുന്നില്ല.
* കുട്ടിയുടെ കഴിവ് തിരിച്ചറിയാൻ കഴിയുന്നില്ല.
* കുട്ടിയുടെ ശാരീരിക മാനസിക പ്രശ്നങ്ങളെ വേണ്ടവിധം കൈകാര്യം ചെയ്യാൻ കഴിയുന്നില്ല.
* വിദ്യാലയവുമായി വേണ്ടത്ര ബന്ധപ്പെടാൻ കഴിയാത്ത അവസ്ഥ.

**ശാസ്ത്ര പഠനം - പരിഹാര നിർദ്ദേശം:**

* പ്രീ ടെസ്റ്റിലൂടെ കുട്ടികളുടെ നിലനിർണ്ണയം നടത്തൽ.
* അടിസ്ഥാന ആശയങ്ങൾ നേടാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം ഉറപ്പാക്കുക.
* ലോക്കൽ ടെക്സ്റ്റുകൾ തയ്യാറാക്കുക.
* പാഠാസൂത്രണം.
* പഠനഗ്രൂപ്പിന്റെ സഹായത്തോടെ ആശയങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക.

**പാഠപുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുക:**

* എല്ലാ ക്ലാസ് മുറികളും ഐ.സി.ടി ക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക.
* കുട്ടിയെ എല്ലാ നിലയ്ക്കും അറിയൽ
* ലാബ് സജ്ജീകരണം.

## ജൈവ വൈവിധ്യപാർക്ക്

പ്രകൃതിയെ അടുത്തറിയാനും പരിസരം ഒരു പാഠപുസ്തകം എന്ന ആശയത്തിലൂന്നിയും പഠനാനുഭവങ്ങൾ കുട്ടികൾക്ക് നേരിട്ട് നൽകുന്നതിനും ജൈവ വൈവിധ്യപാർക്ക് ഒരുക്കിയിട്ടുണ്ട്. ലഭ്യമായ സ്ഥലത്ത് പ്രകൃതിയുടെ ഒരു

പരിച്ഛേദം രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. വൈവിധ്യമാർന്ന സസ്യങ്ങളും ശലഭങ്ങളും സൂക്ഷ്മജീവികളും ഫലവൃക്ഷങ്ങളും വളർത്തിയെടുക്കണം. പ്രൈമറി ക്ലാസുകളിൽ ശാസ്ത്രപഠന നേട്ടങ്ങൾ നേരിട്ട് കണ്ടും അനുഭവിച്ചും കുട്ടികളിൽ വികസിക്കുന്നതിന് ജൈവ വൈവിധ്യ പാർക്ക് സഹായകമാകും. ഇതിനുതകും വിധം പാഠാസൂത്രണം തയ്യാറാക്കുന്നതിനും പഠനപ്രക്രിയയുടെ ഭാഗമാകുന്ന തിനും നമുക്ക് കഴിയണം. ഞാറ്റുവേലകളെ അറിയാനും, ഔഷധഗുണമറിയാനും രക്ഷിതാക്കൾക്കും കുട്ടികൾക്കും ക്ലാസ്സ്. പ്രാദേശിക വിഭവങ്ങളെ പ്രയോജനപ്പെ ടുത്തണം. (കൊടലിൽ ബാലൻ പാർക്ക് രൂപകല്പന) ഗ്രാന്റുകളും സേവനങ്ങളും പ്രയോജനപ്പെടുത്തി ജൈവപാർക്ക് വിപുലീകരിക്കും. നക്ഷത്രവനം നടപ്പിലാക്കും.

## കണ്ടറിയാം തൊട്ടറിയാം പദ്ധതി

കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിലേർപ്പെടാനും നിഗമനങ്ങൾരൂപീ കരിക്കാനുമുള്ള അവസരം. എല്ലാ കുട്ടികളിലും ശാസ്ത്രമനോഭാവം വളർത്താൻ ഈ പദ്ധതി സഹായകമാകും.

**ഒഴുക്കിനൊപ്പം**

സ്കൂളിന്റെ സമീപത്തെ തോടുകളുടെ ഉത്ഭവം കണ്ടെത്തൽ ഉദാഹരണ മായി കക്കുന്ന് മുതൽ തുടങ്ങുന്നതും കിളിവാലൻ കുന്നിൽ നിന്നും തുടങ്ങുന്നതും കുട്ടികൾ നിരീക്ഷിക്കുന്നു. (മഴക്കാലത്തോടനുബന്ധിച്ച് ജൂൺ, ജൂലൈ) ഓരോ കുട്ടിയും 40 വയസ്സിനു മുകളിലുള്ള 5 പേരിൽ നിന്ന് പഴയകാല അവസ്ഥകൾ ചോദിച്ചറിയുന്നു. കുട്ടികളുടെ സഹായത്തോടെ പട്ടിക രൂപീകരിക്കുന്നു. ക്രോഡീ കരിക്കുന്നു. ജലക്ഷാമത്തിന് ഈ മാറ്റങ്ങൾ കാരണമാകുന്നുണ്ടോ? ശേഷം രക്ഷി താക്കൾക്കും, നാട്ടുകാർക്കും ബോധവത്ക്കരണ ക്ലാസ്സ്.

**ശാസ്ത്രനാടകം:-** പ്രഗത്ഭരായ ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം കണ്ടെത്തലുകൾ ഇവയുടെ നാടകീകരണം മാഡംക്യൂറിയുടെ ജീവിത സന്ദർഭം നാടകീകരിച്ചിട്ടുണ്ട്.

**ശാസ്ത്ര ലൈബ്രറി:-** ശാസ്ത്രപുസ്തകങ്ങളും, ശാസ്ത്രജ്ഞൻമാരുടെ ജീവച രിത്രവും ക്ലാസ് ലൈബ്രറിയിൽ ഉൾക്കൊള്ളിക്കുന്നു.

**ശാസ്ത്രലാബ്:-** ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണം (Waste Materials) ശിൽപ ശാല സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് അവ സ്വതന്ത്രമായി നിർമ്മിക്കാനും ഉപ യോഗിക്കാനും സൗകര്യമൊരുക്കുന്നു. കുട്ടികളുടെ പ്രകടനം സംഘടിപ്പിക്കുന്നു.

# AMP - ARABIC

## ആമുഖം

അറബിക് ഭാഷാ പഠനം നമ്മുടെ വിദ്യാലയങ്ങളിൽ നടന്നുവരുന്നു. ഓരോ കുട്ടിക്കും താൻ സുരക്ഷിതനും സ്വീകാര്യനുമാണെന്ന തോന്നൽ ഉളവാക്കാനും ഭാഷാ പശ്ചാത്തലം കാരണം ഒരാളും അവഗണിക്കപ്പെടില്ലെന്ന് ഉറപ്പ് നൽകാനും ബഹുഭാഷാ പഠന സമീപനം സഹായിക്കും.

**അറബി ഭാഷാ പഠനത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:**

1) കേൾവി, സംസാരം, വായന, എഴുത്ത് എന്നീ 4 ഭാഷാ നൈപുണികൾ സ്വായത്തമാക്കുക.
2) സർഗശേഷി ആസ്വദിക്കാനുള്ള കഴിവ്.
3) അറബി ഭാഷയിലൂടെ പുതുമയുള്ള പ്രവർത്തനങ്ങൾ നൽകൽ.
4) അറബിയിൽ നിന്ന് മലയാളത്തിലേക്കും നേരെ തിരിച്ചും വിവർത്തനം ചെയ്യാനുള്ള കഴിവ്
5) അറബിഭാഷയിൽ വിദ്യാർത്ഥികൾക്ക് ആഗ്രഹമുണ്ടാക്കൽ പ്രവർത്തനം മേഖലകളിൽ ആവശ്യമായ ഭാഷാ പ്രയോഗം നടത്തൽ.

**ഭാഷാ പ്രശ്നങ്ങൾ:**

* എല്ലാ കുട്ടികൾക്കും നിർദ്ധിഷ്ട ഭാഷാ ശേഷികൾ ആർജിക്കാൻ കഴിയുന്നില്ല. അടിസ്ഥാന നൈപുണികൾ നേടാത്ത കുട്ടികൾ പോലുമുണ്ട്.
* പ്രക്രിയാ ബന്ധിതവും ശിശു കേന്ദ്രിതവും, ICT അധിഷ്ഠിതവുമായ സൂക്ഷ്മാസൂത്രണം നിർവ്വഹിക്കുന്നതിൽ പരിമിതികൾ ഉണ്ട്.
* സർഗാത്മക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തമില്ല.
* പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ ഇരിപ്പിട സൗകര്യങ്ങൾ, ICT സാമഗ്രികൾ എന്നിവ ഇല്ല.
* ആധുനികമായി സജ്ജീകരിച്ച ലൈബ്രറിയുടെ അഭാവം.
* വിദ്യാലയത്തിലെ ഭൗതികവും അക്കാദമികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം പ്രയോജനപ്പെടുത്തുന്നില്ല.

### പരിഹാര പ്രവർത്തനം വിശദാംശങ്ങൾ

1) **പ്രീടെസ്റ്റ്:-** വർഷാരംഭത്തിൽ കുട്ടികളുടെ നിലവാരമറിയാൻ പ്രീടെസ്റ്റ് നടത്തുന്നു. (ജൂൺ), ശേഷം കുട്ടികളുടെ നിലവാരമനുസരിച്ച് തരം തിരിച്ച് ഗ്രൂപ്പുകളാക്കി

അവർക്കാവശ്യമായ തരത്തിൽ പഠനസഹായം നൽകും. മുന്നറിവ് പരിശോധിക്കലും, അക്ഷരങ്ങൾ ഉറപ്പിക്കലും, വാചകങ്ങൾ നിർമ്മിക്കലും, ഭാഷാകളികളും ഈ പ്രവർത്തനത്തോടനുബന്ധിച്ച് നടത്തും.

2) **ലളിതം അറബിക്:-** പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കാനുള്ള പ്രത്യേക പരിപാടിയാണിത്. വിദ്യാർത്ഥികളെ കണ്ടെത്തി കമ്പ്യൂട്ടർ ഗെയിമുകൾ നൽകിയും, അക്ഷരങ്ങൾക്ക് നിറം നൽകിയും, ഓരോ കുട്ടിക്കും ഓരോ ടാബ് നൽകി അക്ഷര ഗെയിമിലൂടെ അക്ഷരങ്ങളെ തിരിച്ചറിയാനും വായിക്കാനും കഴിവുണ്ടാക്കും. (ജൂൺ, ജൂലൈ)

3) **വായനാലോകം:-** കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ, നല്ല വായനക്കാരനാക്കൽ, ഭാഷാ ശേഷി വർദ്ധിപ്പിക്കൽ എന്നീ കാര്യങ്ങളാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വായന മത്സരങ്ങൾ സംഘടിപ്പിച്ചും, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വായനകുറിപ്പുകൾ, അറബിക് പത്രവായന, റേഡിയോ, ചിത്രകഥ വായന, കുട്ടിക്കവിതകൾ, അറബിക് ക്വിസ്, അറബിക് ചിത്രബുക്ക് തുടങ്ങിയവ പ്രയോജനപ്പെടുത്തും.

4) **എഴുത്ത്:-** എഴുത്തിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക, കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. അതിനായി ചുമർ ചിത്രങ്ങൾ, വായനാ കാർഡ് നിർമ്മാണം, വായനാ കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ, ഭാഷാകളികൾ, വർക് ഷീറ്റുകൾ, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തും. അസംബ്ലിയിൽ വായനാകുറിപ്പുകൾ അവതരിപ്പിക്കും.

5) **ആസ്വാദന സഭ:-** പാടാനും പറയാനും കഴിയുന്ന മികച്ച കുട്ടികളെ കണ്ടെത്തി മറ്റു കുട്ടികളെ ആസ്വദിപ്പിക്കാനുള്ള അവസരമൊരുക്കും. എല്ലാ കുട്ടികൾക്കും പങ്കെടുക്കാനുള്ള അവസരം നൽകും. സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കും.

6) **അറബിക് IT:-** ഭാഷാ പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. ഇതിനായി സംഭാഷണ ശകലങ്ങൾ IT ഉപയോഗിച്ച് പ്രദർശിപ്പിക്കൽ, അറബിക് മേള, കളറിംഗ്, അറബിക് ഭാഷാകളികൾ, മൊബൈൽ ഉപയോഗിച്ച് Or ടാബ് ഉപയോഗിച്ചുള്ള ഭാഷാ കളികൾ, സ്മാർട്ട് ക്ലാസ് റൂം.

## കായിക വിദ്യാഭ്യാസം

**പ്രശ്നങ്ങൾ**

* കായികക്ഷമതാ പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ ക്ലാസ്സിലും നടപ്പാക്കുന്നതിനുള്ള സമയ പരിമിതി.
* പരിശീലകരുടെ അഭാവം.
* ഗ്രൗണ്ട് - ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള കളിസ്ഥലം ഇല്ല.
* കായിക പരിശീലനത്തിന് പ്രാദേശിക ഇടപ്പെടൽ കുറവ്.

**പ്രശ്ന വിശകലന പ്രവർത്തനങ്ങൾ**

* സമീപ പ്രദേശത്തെ കായിക അധ്യാപകരുടെ സഹായത്തോടെ കുട്ടികളിലെ കായിക കഴിവുകൾ കണ്ടെത്തുന്നു. കായിക കളികൾ, വ്യായാമം, Mass drill തുടങ്ങിയവയ്ക്കുള്ള പരിശീലന കളരികൾ സംഘടിപ്പിക്കും.
* ത്രിതല ഗ്രാമപഞ്ചായത്തിന്റെയും സ്കൂൾ ഗ്രാന്റ് ഉപയോഗപ്പെടുത്തി ഗ്രൗണ്ട് മോടിപിടിപ്പിക്കും.
* പ്രാദേശിക Sports ക്ലബുകളുടെ സഹായത്തോടെ ഫുട്ബോൾ ടീം സംഘടിപ്പിക്കും.

**ഭക്ഷണം, ശുചിത്വം, ആരോഗ്യം**

ആരോഗ്യപൂർണമായ ശരീരവും മനസും ഏതൊരു വ്യക്തിയുടേയും ജീവിത വിജയത്തിന് അനിവാര്യമാണ്.

**പ്രശ്നങ്ങൾ - അക്കാദമികം.**

* പല കുട്ടികളും ആവശ്യത്തിനുള്ള പോഷകാഹാരം കഴിക്കാതെയും വെള്ളം കുടിക്കാതെയും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുകയും പഠനനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നു.
* ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല. ഇത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

**ഭൗതികം**

* ഡൈനിംങ്ങ് ഹാൾ, വിശ്രമമുറി എന്നിവയില്ല.

**സാമൂഹികം**

* സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

**പ്രശ്ന വിശകലന പ്രവർത്തനങ്ങൾ**

* വീട്ടിൽ നിന്ന് നേരത്തെ ഇറങ്ങുന്നു. ഇത്തരക്കാർക്കുള്ള പ്രഭാത ഭക്ഷണ സംവിധാനം ഇന്ന് നിലവിലില്ല.
* പ്രഭാത ഭക്ഷണ പരിപാടി തുടങ്ങുക.
* പി.ടി.എയുടെ സഹായത്തോടെ ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തുക.
* വൃത്തിഹീനമായ ടോയ്‌ലറ്റുകളിൽ Water Purifire സ്ഥാപിക്കുക.
* ഓരോ ക്ലാസ്സിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുക.
* ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.

## കലാ-സാംസ്കാരികം

**പ്രശ്നങ്ങൾ - അക്കാദമികം**

1. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങൾ കുറവാണ്.
2. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങൾ അറിയുന്നതിനുള്ള സംരംഭങ്ങളില്ല.

**ഭൗതികം**

കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ഭൗതികസാഹചര്യ കുറവ്.

**സാമൂഹികം**

കലാസാംസ്കാരിക പ്രവർത്തനങ്ങൾ, സ്കൂളിലെ മറ്റു പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും വിവിധ സാമൂഹിക കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനവും ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

### പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

**കുട്ടികളുടെ കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ**

1) സർഗവേള പരിപോഷണം
2) ബാലസഭ ആഴ്ചയിൽ ഒരിക്കൽ സംഘടിപ്പിക്കും.
3) അസംബ്ലിയിൽ കലാപ്രകടനത്തിനുള്ള അവസരങ്ങൾ.
4) ഉപജില്ലാതല കലാ മേളയിൽ കൂടുതൽ പേർക്കും അവസരം ഉറപ്പാകും.
5) പ്രാദേശിക വിഭവങ്ങൾ കണ്ടെത്തി കലാപഠനത്തിന് അവസരം ഒരുക്കും.
6) ടാലന്റ് ലാബ്.
7) സ്കൂൾ നാടകവേദി.
8) കഥ, കവിത ക്യാമ്പുകൾ.
9) പാവ നാടകം.
10) ഒരിഗാമി.
11) വാർഷികം.
12) ഡോക്യുമെന്റേഷൻ ചുമതല കമ്മിറ്റിയെ ഏൽപ്പിക്കുക ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടത്തും. കുട്ടികളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്ന മാധ്യമ പ്രതിനിധികളെ കമ്മിറ്റിയിൽ ഉൾക്കൊള്ളിക്കും.
13) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തും. പരിശീലന ഹാൾ (ഓഡിറ്റോറിയം) നിർമ്മിക്കും.
14) പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തും. SMC, SSG, ക്ലബുകൾ, പൂർവ്വ അധ്യാപകർ, പി.ടി.എ ഊർജ്ജസ്വലമാക്കും.

**2022-2023 വർഷം AMPയിൽ**
**പുതുതായി കൂട്ടിച്ചേർത്ത പ്രവർത്തനങ്ങൾ**

1. പ്രതിഭാ പോഷണ പരിപാടി.( എല്ലാവിധ മത്സര പരീക്ഷകൾക്കും കൈതാങ്ങ്)
2. വായനാഗ്രാമം
3. അയൽപ്പക്ക പഠന കേന്ദ്രം
4. ഗണിതത്തിന്റെ നാട്ടറിവുകൾ – പ്രായോഗിക ഗണിതം ഒരന്വേഷണം
5. നെല്ലു പതിരും – വാർത്തകളിലെ കാണച്ചരടുകൾ വിശകലന വായന പരിശീലനം
6. സ്ക്കൂൾമുറ്റത്തെ സാഹിത്യസംവാദം
7. വായനയും ആസ്വാദനവും, ചിന്തയും നിരൂപണവും

2023-24 വർഷം AMPയിൽ
പുതുതായി കൂട്ടിച്ചേർത്ത പ്രവർത്തനങ്ങൾ

- SALA - SURROUNDING AS A LEARNING AID
- BALA
- പ്രതിഭ പോഷണ പരിപാടി
- വായന പരിപോഷണം

2024-25 വർഷം AMPയിൽ പുതുതായി കൂട്ടിച്ചേർത്ത പ്രവർത്തനങ്ങൾ.

1. തൈക്കൊണ്ട്

2. കാവ്യോത്സവം

3. NAS

2025-26 വർഷം AMP യിൽ പുതുതായി കൂട്ടിച്ചേർത്ത പ്രവർത്തനങ്ങൾ.

★ ചിഹ്നനം (ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം)

★ Fun with English.






2025-26